(ഡി) അന്വേഷിച്ചുവരുന്നു.

(ഇ) ലോക്കൽ പോലീസിന്റെ അന്വേഷണം ഫലവത്താകാത്ത സാഹചര്യത്തിൽ, ആവശ്യമെങ്കിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കാം.

**പി. എസ്. സി. ഇന്റർവ്യൂവിന് ഉന്നത ബിരുദധാരികൾക്ക് അധിക മാർക്ക് നൽകുന്നതിന് നടപടി**

48 [2478] *ശ്രീ. തോമസ് ചാഴികാടൻ:*
,, *റോഷി അഗസ്റ്റിൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഇന്റർവ്യൂവിന് ഉന്നത ബിരുദധാരികൾക്ക് അധികമാർക്ക് നൽകുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകൾക്കാണ് ഇത് ബാധകമാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) വെയിറ്റേജ് മാർക്ക് എത്ര ശതമാനം ആക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇത് എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

*ഉത്തരം*

(എ) — (ഡി) പി.എസ്.സി.-യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

**പി. എസ്. സി. ഉദ്യോഗനിയമനത്തിൽ സ്വീകരിക്കുന്ന നടപടിക്രമം സുതാര്യമാക്കാൻ നടപടി**

49 [2479] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *കെ. മോഹൻകുമാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ഉദ്യോഗനിയമനത്തിൽ സ്വീകരിക്കുന്ന നടപടിക്രമം സുതാര്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു പറയുമോ;

(സി) ഉദ്യോഗനിയമനത്തിനുവേണ്ടി പി. എസ്. സി. നടത്തുന്ന എഴുത്തു പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് കിട്ടുന്ന മാർക്ക് പി. എസ്. സി. യുടേയും, ജില്ലാ റിക്രൂട്ട്മെന്റ് ബോർഡുകളുടെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും റാങ്കുകാരുടെ എഴുത്തുപരീക്ഷ സംബന്ധിച്ച പേപ്പർ ആരെയും കാണിക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്ന നടപടിക്രമം സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം ഒരു നടപടിക്രമം സ്വീകരിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) & (ബി) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) & (ഡി) പി.എസ്.സി. യുടെ എഴുത്തുപരീക്ഷയിൽ പങ്കെടുക്കുന്നവരുടെ ഒ.എം.ആർ. സ്ക്രിപ്റ്റിന്റെ സീറോക്സ് കോപ്പി ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം ഒരു നിശ്ചിത തുക ഫീസായി സ്വീകരിച്ചുകൊണ്ട് അവർക്ക് നൽകുന്നകാര്യം പരിശോധിച്ചുവരുന്നു.

**പി. എസ്. സി. മുഖേന ജോലി ലഭിച്ചവർ**

50 [2480] *ശ്രീ. യു. സി. രാമൻ:*
,, *സി. മോയിൻകുട്ടി:*
,, *കളത്തിൽ അബ്ദുള്ള*
,, *സി. മമ്മൂട്ടി:*
,, *ഇസ്ഹാക് കുരിക്കൾ*: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന ഓരോ വകുപ്പിലും എത്ര പേർക്ക് ജോലി ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

*ഉത്തരം*

വിവരം ശേഖരിച്ചുവരുന്നു.

**2001 ജൂൺ മുതൽ 2005 ജൂൺ വരെ നടത്തിയ നിയമനങ്ങൾ**

51 [2481] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജൂൺ മുതൽ 2005 ജൂൺ വരെ എല്ലാ വകുപ്പുകളിലുമായി പി.എസ്.സി. വഴി ഏതെല്ലാം തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) 2001 ജൂൺ മുതൽ 2005 ജൂൺ വരെ എല്ലാ വകുപ്പുകളിലുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി എത്ര പേർക്ക് സ്ഥിരം നിയമനവും, എത്ര പേർക്ക് താൽക്കാലിക നിയമനവും നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) 2001-2005 കാലയളവിൽ പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുമല്ലാതെ ഏതെല്ലാം വകുപ്പുകൾ നേരിട്ട് എത്ര പേർക്ക് നിയമനം നൽകിയെന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly